# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1760          08/06/2018 ൽ മറുപടിക്ക്

## തെരുവ് നായ ശല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തെരുവ് നായ ശല്യം ഒരു സാമൂഹ്യ വിപത്തായി മാറുമ്പോൾ ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | എ) തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിനും തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനും, പുനരധിവാസത്തിനുമായി ജില്ലാ പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വളർത്തു മൃഗങ്ങൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെയും കൊല്ലാൻ അനുവാദമുണ്ട്. ഇപ്രകാരമുള്ളതല്ലാതെ മറ്റ് തെരുവു നായ്ക്കളെ കൊല്ലാനോ നിർമാർജ്ജനം ചെയ്യാനോ കഴിയില്ല. |
| ബി) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച എ.ബി.സി. മൊബൈൽ യൂണിറ്റുകൾ വിജയപ്രദമാണോ; ഇതിനകം എത്ര സ്ഥലങ്ങളിൽ പ്രസ്തുത യൂണിറ്റ് ആരംഭിച്ചുവെന്ന് അറിയിക്കുമോ; | ബി) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, പുല്ലൻപാറ, കന്നത്തുകാൽ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ കീഴിൽ എ.ബി.സി മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | തെരുവ് നായ നിയന്ത്രണ പദ്ധതി ഊർജ്ജിതപ്പെടുത്തി ജനങ്ങളുടെ ജീവന് സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) തെരുവുനായ നിയന്ത്രണ പദ്ധതികൾ ഊർജ്ജിതനിലയിലാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ